പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2479 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ വകുപ്പ് മുഖേനയുള്ള സമാശ്വാസ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സമാശ്വാസ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: സഹകരണവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാന സമാശ്വാസ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. **സഹകരണ റിസ്ക് ഫണ്ട് പദ്ധതി**

സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത ശേഷം ആ വ്യക്തി വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ വലിയ ബാധ്യതകളിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച പദ്ധതിയാണ് 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി' (Risk fund Scheme). ടി പദ്ധതി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

- 1969 ലെ കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാ ണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്.
- സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ആൾ മരണപ്പെടുകയോ / മാരകരോഗം പിടിപെടുകയോ ചെയ്യുന്ന വായ്പാക്കാർക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ ധനസഹായം അനുവദിച്ചു നല്കുന്നത് സർക്കാർ അംഗീകരിച്ചു നല്കിയ റിസ്ക് ഫണ്ട് നിയമാവലിക്കു വിധേയമായിട്ടാണ്.
- വായ്പക്കാരൻ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ മരണപ്പെട്ട തീയതിയിലെ വായ്പാ ബാക്കി നിൽപ്പ് മുതൽ തുകയിൽ പരമാവധി 3 ലക്ഷം രൂപ വരെ മരണാനന്തര സഹായമായി റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.
- ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും 6,00,000/- രൂപ വരെ റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

- 30.03.2012 ന ശേഷം വായ്പയെടുക്കുകയും വായ്പാ കാലാവധിയ്ക്കുള്ളിൽ നിയമാവലിയിൽ ഉൾപ്പെടുന്ന മാരകരോഗം ബാധിക്കുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ ചികിത്സാ ധനസഹായമായി പരമാവധി 1,25,000/- രൂപ വരെ റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

2. **<u>അംഗസമാശ്വാസ നിധി(Member Relief Fund)</u>**

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. 1969 ലെ കേരള സഹകരണ ചട്ടം, ചട്ടം 53(2A) പ്രകാരം ഓരോ ധനകാര്യ വർഷവും ഏതൊരു സൊസൈറ്റിയും അതിന്റെ അറ്റ ലാഭത്തിന്റെ 10% തുക (പരമാവധി ഒരു ലക്ഷം രൂപ) സഹകരണ സംഘം രജിസ്ട്രാർ സൂക്ഷിക്കുന്ന സഹകരണ അംഗ സമാശ്വാസ ഫണ്ടിലേയ്ക്ക് വകമാറ്റേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

- ഈ സ്കീം പ്രകാരം 'അംഗം' എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ 'എ ക്ലാസ്സ്' ഷെയർ ഉള്ള വ്യക്തി ആയിരിക്കും.
- ടി വ്യക്തി സംഘത്തിൽ അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം.
- അർബുദം, വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേയരായവർ/ വൃക്കരോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായിക്കൊണ്ടി രിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, ഗുരുതര ശസ്ത്രക്രീയയ്ക്ക് (ബൈപാസ്/ഓപ്പൺ ഹാർട്ട് സർജറി) വിധേയരായവർ, കരൾ സംബന്ധമായ ഗുരുതര രോഗം ബാധിച്ചവർ (ലിവർ സിറോസിസ്, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേരായവർ) തുടങ്ങിയ മാരക രോഗ ബാധിതരായവർ, വാഹനാപകടത്തിൽ പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്.
- അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.
- മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.
- ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

3. **<u>അശരണരായ സഹകാരികൾക്കുള്ള ആശ്വാസ പദ്ധതി (സഹകാരി സാന്ത്വനം)</u>**

സഹകരണ രംഗത്ത് താലൂക്ക്, ജില്ലാ അല്ലെങ്കിൽ സംസ്ഥാന തലത്തിൽ സഹകരണ മേഖലയുടെ വളർച്ചയ്ക്കായി ദീർഘകാലമായി പ്രവർത്തിച്ചവരോ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരോ, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ ഭരണസമിതിയിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും അംഗമായിരുന്നിട്ടുള്ളവരും, നിലവിൽ അവശത അനുഭവിക്കുന്നവരുമായവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

- ജീവനക്കാരുടെ സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്ക് ഈ പദ്ധതി പ്രകാരം അർഹത ഉണ്ടായിരിക്കുന്നതല്ല.
- അപേക്ഷകരുടെ വാർഷിക വരുമാനം 3,00,000/- (മൂന്ന് ലക്ഷം) രൂപയിൽ താഴെയായിരിക്കേണ്ടതാണ്.
- സഹകരണ മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാതൊരുവിധ അച്ചടക്ക/നിയമ നടപടികളും നേരിടാത്തവരായിരിക്കണം അപേക്ഷകർ.

- അർഹരായ സഹകാരികളുടെ ചികിത്സ ആവശ്യങ്ങൾക്കായി പരമാവധി 50,000/- (അമ്പതിനായിരം) രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്.
- പദ്ധതിക്ക് അർഹതയുള്ള സഹകാരി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കോ/ ആശ്രിതർക്കോ മരണാനന്തര സഹായമായി പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ ലഭ്യമാക്കുന്നതാണ്.

4. **<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി(ആശ്വാസ്)</u>**

സംസ്ഥാന സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ വർധിച്ചു വരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടേയും ഇവിടെ നിന്നും വായ്പയെടുത്തിട്ടുള്ള സാമ്പത്തിക പ്രതിസന്ധി, ഗുരുതര രോഗം, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പാക്കണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകി ക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തുന്നില്ലായെന്ന് കണ്ടതിനെ തുടർന്ന് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി വിവിധ കമ്മിറ്റികളെ പുന:സംഘടിപ്പിച്ച് സംഘം, താലൂക്ക്, ജില്ലാ, സംസ്ഥാന തല കമ്മിറ്റികളിൽ അതാത് നിയോജക മണ്ഡലം/ നിയമസഭ /പാർലമെന്റ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ടി കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും "ആശ്വാസ്" പദ്ധതി സംബന്ധിച്ച് മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ഇതിലൂടെ വളരെയധികം പേർക്ക് ആനുകൂല്യം നൽകുന്നതിനും അതിലൂടെ സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിന്നുംവ്യത്യസ്ഥമായി ഈ പദ്ധതിയ്ക്ക് വളരെയേറെ ജനപിന്തുണ നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

ആശ്വാസ് പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും എം. പി മാരെയും എം. എൽ. എ മാരെയും ഉൾപ്പെടുത്തി കമ്മിറ്റികൾ പുനഃ സംഘടിപ്പിച്ചതിലൂടെ സംസ്ഥാന തലത്തിൽ 3 ജില്ലാ തലത്തിൽ 32, താലൂക്ക് തലത്തിൽ 100, സംഘം തലത്തിൽ 9,297 എന്നിങ്ങനെ അകെ 9,432 അദാലത്തുകൾ സംഘടിപ്പിക്കുകയും അപേക്ഷകൾ തീർപ്പുകല്പിക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തുടനീളമായി 66,409 വായ്പക്കാർക്ക് 43,955.34 ലക്ഷം രൂപയുടെ ഇളവ് നൽകാനും അതിലൂടെ അതാതു സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും 2,15,276.65 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാനുമായിട്ടുണ്ട്. സംസ്ഥാന കമ്മിറ്റിക്കു പരിഗണിക്കാനായി ജില്ലകളിൽ നിന്നും അപേക്ഷകൾ എത്തുന്നതിനാൽ മേൽ കണക്കിൽ വർദ്ധനവ് വരുന്നതാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ പദ്ധതിയ്ക്ക് വളരെയേറെ ജനപിന്തുണ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകളും പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

<u>1.സംഘം തല കമ്മിറ്റി</u>

5 വർഷത്തിൽ കൂടുതൽ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

5 വർഷത്തിൽ താഴെ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ 50% വരെ ഇളവ് നൽകുന്നു.

50,000 ന മുകളിൽ 5 ലക്ഷം വരെ ഉള്ള വായ്പകളിൽ പലിശയിൽ പരമാവധി 25% ഇളവ് നൽകുന്നു.

5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വും 25 ലക്ഷത്തിന മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 15% വും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നു.

അതി ദരിദ്ര പട്ടികയിൽപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം രൂപയ്ക്ക മുകളിൽ 5 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ 50% വരെയും അധിക ഇളവ് സംഘം തല കമ്മിറ്റി നൽകുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ കാര്യത്തിൽ മേൽ ഇളവുകൾക്കു പുറമെ 50,000 രൂപ വരെയുള്ള വായ്പകളിൽ 15% വും 50,000 ന മുകളിൽ 1 ലക്ഷം വരെയുള്ളവയിൽ 12% വും 1 ലക്ഷത്തിന മുകളിൽ 5 ലക്ഷം വരെയുള്ളവയിൽ 10% വും 5 ലക്ഷത്തിന മുകളിൽ 10 ലക്ഷം വരെയുള്ളവയിൽ 5% വും 10 ലക്ഷത്തിന മുകളിൽ 25 ലക്ഷം വരെയുള്ളവയിൽ 3% വും 25 ലക്ഷത്തിന മുകളിൽ 2% വും അധിക പലിശ ഇളവും നൽകുന്നതാണ്.

2.താലൂക്ക് തല കമ്മിറ്റി

50,000 മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 35% വരെയും 25 ലക്ഷത്തിന മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 20% വരെയും ഇളവ് നൽകുന്നു.

3.ജില്ലാ തല കമ്മിറ്റി

50,000 മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വും 5 ലക്ഷത്തിന മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 40% വരെയും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വരെയും ഇളവ് നൽകുന്നു.

4.സംസ്ഥാന തല കമ്മിറ്റി

ജില്ലാ തല കമ്മിറ്റിക്കു നല്കാവുന്നതിനേക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്കു സമർപ്പിക്കാവുന്നതാണ്. ജില്ലാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പലിശയിലും മുതലിലും ഇളവു അനുവദിക്കാൻ സംസ്ഥാന കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

ക്യാഷ് ക്രെഡിറ്റ് വായ്പകൾക്കുള്ള ഇളവുകൾ

ക്യാഷ് ക്രഡിറ്റ് വായ്പകളിൽ അവസാന ഇടപാട് നടന്ന തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി പലിശയിൽ അതിനനുസൃതമായ ഇളവുകൾ നൽകിയിട്ടുണ്ട്.

എം.എസ്.എസ് /എം.ഡി.എസ് വായ്പകളുടെ ഇളവുകൾ

പ്രതിമാസ നിക്ഷേപ പദ്ധതി/സ്കീമുകളിലും (എം.എസ്.എസ്, എം.ഡി.എസ്) കാലാവധി അവസാനിച്ച ശേഷം സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും, ഒറ്റത്തവണയായി അടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതി കാലയളവിൽ തവണകളായി അടയ്ക്കുന്നതിനും പദ്ധതി അവസാനിച്ച 30.09.2026 നുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് തുക അടയ്ക്കുന്നതിന 2026 ഒക്ടോബർ 31 വരെ സമയവും അനുവദിച്ചിട്ടുണ്ട്.

(ബി) വായ്പയെടുത്തതിന് ശേഷം മരണപ്പെട്ടവരുടെയും ഗുരുതര രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവരുടെയും കാര്യത്തിൽ പ്രത്യേക ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ;

വിശദമാക്കുമോ?

<u>മറുപടി:</u> വായ്പയെടുത്തതിന് ശേഷം മരണപ്പെട്ടവരുടെയും ഗുരുതര രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവരുടെയും കാര്യത്തിൽ പ്രത്യേക ഇളവ് അനുവദിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. **<u>റിസ്ക് ഫണ്ട് പദ്ധതി ഭേദഗതി</u>**

വായ്പയെടുത്തതിന് ശേഷം മരണപ്പെട്ടവരുടെയും ഗുരുതര രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവരുടെയും കാര്യത്തിൽ വായ്പാ കുടിശിക ഉള്ളവർക്കും ധനസഹായം ലഭ്യമാകുന്നതിനായി സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തുന്നത് പരിഗണനയിലാണ്.

സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധന 4 (ബി) യിലെ "വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല" എന്ന വ്യവസ്ഥയിലെ കുടിശിക കാലാവധി "6 മാസം" എന്നത് "12 മാസം" എന്ന് ഭേദഗതിവരുത്തുന്നത് പരിഗണനയിലാണ്.

കൂടാതെ സഹകരണ റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4 (ഡി) യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സ ധനസഹായത്തിന് കുടിശിക ബാധകമല്ല എന്നതിനോടൊപ്പം മാരകരോഗം പിടിപെട്ട് മരണപ്പെടുന്ന വായ്പക്കാരുടെ വായ്പക്കും വായ്പകുടിശ്ശിക ബാധകമായിരിക്കുന്നതല്ല എന്ന് നിയമാവലി നിബന്ധനയിൽ ഭേദഗതി വരുത്തുന്നതും പരിഗണനയിലുണ്ട്. സഹകരണ റിസ്ക് ഫണ്ടിൽ ബോർഡ് നിലവിൽ വരുന്ന മുറയ്ക്ക് ടി നിബന്ധനകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. **<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി(ആശ്വാസ്)</u>**

ഒറ്റത്തവണ തീർപ്പാക്കൽ(ആശ്വാസ്) പദ്ധതി പ്രകാരം വായ്പാക്കാർക്ക് വായ്പതിരിച്ചടവിന് പൊതുവായി ഇളവുകൾക്ക് പുറമെ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്ത അതിദരിദ്രർക്കും, രോഗികൾക്കും, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും വായ്പാ തിരിച്ചടവിന് പ്രത്യേക ഇളവുകൾ നൽകുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i. <u>അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്കുള്ള ഇളവുകൾ:</u>

- 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ: ബാക്കി നിൽപ്പ് മുതൽ മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാം.
- 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ: ബാക്കി നിൽപ്പ് മുതലും പലിശയുടെ 50% വും ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാം.

ii. <u>ഗുരുതര രോഗങ്ങൾ ബാധിച്ചവർക്കുള്ള ഇളവുകൾ</u>

ക്യാൻസർ, ഡയാലിസിസ് വേണ്ടിവരുന്ന കിഡ്നി രോഗങ്ങൾ, ഹൃദയ ശസ്ത്രക്രിയ, പക്ഷാഘാതം/ അപകടം മൂലമുള്ള തളർച്ച, അംഗവൈകല്യം, എച്ച്.ഐ.വി, ലിവർ സിറോസിസ്, മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ച വായ്പാക്കാർക്കും, ടി രോഗ ബാധിതരുടെ സംരക്ഷണം നടത്തുന്ന കുടുംബാംഗങ്ങൾക്കും (ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ), മാതാപിതാക്കൾ മരണപ്പെട്ട ശേഷം വായ്പ ബാധ്യതയായി നിലനിൽക്കുന്ന മക്കൾക്കും ഈ ഇളവുകൾ ബാധകമാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 50000 രൂപവരെ 15% അധിക ഇളവ്.
- 50000 രൂപ മുതൽ 1 ലക്ഷം രൂപ വരെ 12% അധിക ഇളവ്.
- 1 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ 10% അധിക ഇളവ്.
- 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ 5% അധിക ഇളവ്.
- 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ 3% അധിക ഇളവ്.
- 25 ലക്ഷത്തിന് മുകളിൽ 2% അധിക ഇളവ്.

സെക്ഷൻ ഓഫീസർ